**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കൊവിഡ്-19 വ്യാപനം തടയുന്നതിന് സംസ്ഥാനത്ത് ലോക്ക്ഡൗൺ ഏർപ്പെടുത്തിയ കാലയളവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും വികസന അതോറിറ്റികളുടേയും ഉടമസ്ഥതയിലുള്ളതും ലോക്ക്ഡൗൺ കാരണം തുറന്ന് പ്രവർത്തിക്കാൻ സാധിക്കാത്തതുമായ സ്ഥാപനങ്ങളുടെ വാടക ഇളവ് നൽകുന്നതിന് തീരുമാനമെടുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും വികസന അതോറിറ്റികളെയും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിപ്പിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ. (സാധാ) നം.1278/2020/ത.സ്വ.ഭ.വ    തീയതി, തിരുവനന്തപുരം, 29/06/2020

---

**ഉത്തരവ്**

കൊവിഡ്-19 വ്യാപനം തടയുന്നതിന് സംസ്ഥാനത്ത് ലോക്ക്ഡൗൺ ഏർപ്പെടുത്തിയ കാലയളവിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും വികസന അതോറിറ്റികളുടേയും ഉടമസ്ഥതയിലുള്ളതും ലോക്ക്ഡൗൺ കാരണം തുറക്കാൻ സാധിക്കാത്തതുമായ സ്ഥാപനങ്ങൾക്ക് വാടക ഇളവ് അനുവദിക്കണമെന്ന് വിവിധ സംഘടനകളും വാടക ഇളവ് നൽകുന്നതിന് അനുവദിക്കണമെന്ന് വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനാധികൃതരും നിവേദനങ്ങൾ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊവിഡ്-19 പ്രതിരോധവുമായി ബന്ധപ്പെട്ട് ലോക്ക് ഡൗൺ ഏർപ്പെടുത്തിയത് മൂലം സംസ്ഥാനത്തൊട്ടാകെ മിക്ക സ്ഥാപനങ്ങളും തുറന്ന് പ്രവർത്തിക്കാൻ സാധിക്കാതിരുന്നതിനാൽ ഈ പ്രത്യേക സാഹചര്യം കണക്കിലെടുത്ത്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ/ വികസന അതോറിറ്റികളുടെ ഉടമസ്ഥതയിലുള്ളതും ലോക്ക്ഡൗൺ കാരണം തുറക്കാൻ സാധിക്കാത്തതുമായ സ്ഥാപനങ്ങൾക്ക് വാടക ഇളവ് നൽകുന്നതിന്,താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി, തീരുമാനം എടുക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും വികസന അതോറിറ്റികളെയും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിപ്പിക്കുന്നു.

1. ലോക്ക്ഡൗൺ കാലയളവിൽ തുറക്കാൻ അനുവാദമില്ലാതിരുന്ന സ്ഥാപനങ്ങളെ മാത്രമേ വാടക ഇളവിനായി പരിഗണിക്കാൻ പാടുള്ളൂ.
2. വാടക ഇളവിന് അപേക്ഷിക്കുന്ന വ്യക്തി തന്റെ സ്ഥാപനം ടി കാലയളവിൽ പ്രവർത്തിച്ചില്ല/ അടഞ്ഞുകിടന്നതാണ് എന്ന് സാക്ഷ്യപ്പെടുത്തുന്ന സത്യവാങ്മൂലം അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.
3. തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഇപ്രകാരം ലഭിക്കുന്ന അപേക്ഷയിന്മേൽ റിപ്പോർട്ട് നൽകേണ്ടതും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപന/ വികസന അതോറിറ്റി തലത്തിൽ തീരുമാനം കൈക്കൊള്ളേണ്ടതുമാണ്.

4. മുകളിൽ പ്രസ്താവിച്ച നിബന്ധനകൾ പാലിച്ച് മാത്രമേ വാടക ഇളവ് അനുവദിക്കുന്നുള്ളൂ എന്ന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന/ വികസന അതോറിറ്റി സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ബിശ്വനാഥ് സിൻഹ**

**പ്രിൻസിപ്പൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (ബന്ധപ്പെട്ട ഡയറക്ടർ മുഖേന).
എല്ലാ വികസന അതോറിറ്റി സെക്രട്ടറിമാർക്കും.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ/എൽ.ബി.എ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം.
തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്.
തദ്ദേശ സ്വയം ഭരണ (എഫ് എം) വകുപ്പ്.
തദ്ദേശ സ്വയം ഭരണ (ആർ ഡി) വകുപ്പ്.
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ. & പി. ആർ. ഡി. - വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർസി2/154/2020/ത.സ്വ.ഭ.വ.).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ